## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5493.

18.11.2019 ൽ
മറുപടിക്ക്

### പോലീസ് വകുപ്പിലെ ആശ്രിത നിയമനം

| ചോദ്യം<br><br>ശ്രീ.സി. കെ. ശശീന്ദ്രൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) പോലീസ് വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ആളുകളെ ഏതെല്ലാം തസ്തികകളിൽ ആശ്രിത നിയമന പ്രകാരം ജോലിയിൽ പ്രവേശിപ്പിച്ചു; വ്യക്തമാക്കാമോ ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പോലീസിൽ ആശ്രിത നിയമനം വഴി 585 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>ക്ലർക്ക് (സൂപ്പർ ന്യൂമററി) -550,<br>പോലീസ് കോൺസ്റ്റബിൾ - 31,<br>ഓഫീസ് അറ്റൻഡന്റ് - 4 |
| (ബി) ഇത്തരത്തിൽ നിയമിതരായവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും എത്ര പേരെ റഗുലറൈസ് ചെയ്തു; ഇനി എത്ര ആളുകളെ റഗുലറൈസ് ചെയ്യാനുണ്ട്; അറിയിക്കുമോ ; | (ബി) | ഇത്തരത്തിൽ നിയമിതരായവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 28 ക്ലർക്കുമാരുടെയും 4 ഓഫീസ് അറ്റൻഡന്റുമാരുടെയും നിയമനം ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 108 ക്ലർക്കുമാരുടെ നിയമനവും ക്രമീകരിക്കപ്പെട്ടിട്ടുണ്ട്. 414 പേരുടെ നിയമനം ക്രമീകരിക്കാനുണ്ട്. |
| (സി) ഇത്തരത്തിൽ റഗുലറൈസ് ചെയ്യാൻ ബാക്കിയുള്ള ആളുകളെ ഉടൻ തന്നെ റഗുലറൈസ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ? | (സി) | വിവിധ വകുപ്പുകളിൽ റഗുലറൈസ് ചെയ്യാനുള്ള സൂപ്പർ ന്യൂമററി ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കി, ആയതിൽ ഊർജിത നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ